## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4938 24.07.2015-ൽ മറുപടിക്ക്**

**നിലയ്ക്കൽ വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം:**

എ) ശബരിമല തീർത്ഥാടകർക്കുകൂടി പ്രയോജനം ചെയ്യുന്ന നിലയ്ക്കൽ . വാട്ടർ സപ്ലൈ പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; വിശദമാക്കാമോ;

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ശബരിമല തീർത്ഥാടകർക്ക് കൂടി പ്രയോജനം ചെയ്യുന്ന നബാർഡിന്റെ ധനസഹായത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സീതത്തോട് - നിലയ്ക്കൽ ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇൻ ടേക്ക് കിണർ, പമ്പ് ഹൗസ്, 13 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാല എന്നീ ഘടകങ്ങളുടെ പ്രവൃത്തികളാണ് ഉൾ പ്പെടുത്തിയിരിക്കുന്നത്.
പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ജല ശുദ്ധീകരണശാല പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ളതാണ്. എന്നാൽ കെ.എസ്.ഇ.ബി.യുടെ പ്രോജക്ടിന് സുരക്ഷിതത്വ പ്രശ്നം ഉള്ളതു കൊണ്ട് ഈ സ്ഥലം വിട്ടു നൽകാൻ കഴിയില്ല എന്നറിയിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ

അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വ്യത്യസ്ഥമായി ഇൻ ടേക്ക് കിണറിന് സമീപമുള്ള കെ.എസ്.ഇ.ബി.യുടെ സ്ഥലത്ത് ജലശുദ്ധീകരണശാല പണിയാൻ പുതുതായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി യിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

| | |
|---|---|
| ബി) നിലയ്ക്കൽ കൂടാതെ ഏതൊക്കെ പ്രദേശത്താണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്ന് അറിയിക്കുമോ? | (ബി) നിലയ്ക്കൽ കൂടാതെ സീതത്തോട് പഞ്ചായത്തും പ്ലാപ്പള്ളി ഏരിയയും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങളാണ്. |

സെക്ഷൻ ഓഫീസർ